# ബജറ്റ് നോട്ട്

# കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

# 2026-27 വാർഷിക ബജറ്റ്

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വാർഷിക ബജറ്റ് ഞാൻ സാഭിമാനം ഭരണ സമിതി മുമ്പാകെ സമർപ്പിക്കുന്നു.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഈ പ്രത്യേക യോഗത്തിൽ ആമുഖ പ്രഭാക്ഷണം നടത്തിയ ബഹു. ബ്ലോക്ക് പഞ്ചാത്ത് പ്രസിഡന്റ് ശ്രീ. പ്രശാന്തൻ, ചിറക്കൽ, അഴീക്കോട്, പാപ്പിനിശ്ശേരി, വളപട്ടണങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ ബഹുമാന്യ പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, പഞ്ചാത്ത് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, സെക്രട്ടറി, ഘടകസ്ഥാപനമേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, വിവിധ മാധ്യമ പ്രവർത്തകർ അടക്കമുള്ള എല്ലാ ബഹുമാന്യ വ്യക്തികളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

2025ല ഡിസംബർ മാസം അധികാരമേറ്റെടുത്ത ഈ ഭരണ സമിതിയുടെ ഒന്നാമത്തെ ബജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. മുൻ ഭരണ സമിതി വിഭാവനം ചെയ്തതുപോലെ ഈ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ചിറക്കൽ, അഴീക്കോട്, പാപ്പിനിശ്ശേരി, വളപട്ടണം ഗ്രാമപഞ്ചാത്തുകളുടെ സമഗ്ര വികസനത്തിനുള്ള ബജറ്റ് നിർദ്ദേശങ്ങളാണ് ഈ ബജറ്റ് മുന്നോട്ട് വെയ്ക്കുന്നത്.

സാമൂഹിക നീതിയും പ്രാദേശിക സാമ്പത്തിക വികസനവും ഉറപ്പ് വരുത്തുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ കേരളത്തിൽ വലിയ പങ്ക് വഹിക്കുന്നു. 73, 74 ഭരണ ഘടന ഭേദഗതികളോടെ കേരളത്തിൽ പഞ്ചായത്തീരാജ് നഗരപാലികാ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടെ ജനകീയാസൂത്രണം നടപ്പിലാകുകയും കേരളം വികസനത്തിന്റെ പുതിയ തലങ്ങളിലേക്ക് ഉയരുകയും രാജ്യത്തിന് തന്നെ മാതൃകയാകുകയും ചെയ്തു. തദ്ദേശ സ്ഥാപനങ്ങളെ അക്ഷരാർത്ഥത്തിൽ ഗവൺമെന്റുകളാക്കിയിരിക്കുന്നു. സംസ്ഥാനപദ്ധതിയുടെ 40% തുക തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്തുകയും സംസ്ഥാന പദ്ധതിയുടെ 60% തുക തദ്ദേശ സ്ഥാപനങ്ങൾ വഴി ചെലവഴിക്കുകയും ചെയ്യുമ്പോൾ നാടിന്റെ വികസനത്തിന് തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ ഉത്തരവാദിത്വം നിർവ്വഹിക്കാൻ കഴിയുന്നു.

1957 ലെ ഇ. എം. എസ് സർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്കരണ ബില്ലും ഭൂപരിഷ്കരണവുമാണ് കേരള വികസനത്തിന്റെ ആണിക്കല്ല്. കേരളത്തിൽ നടപ്പിലാക്കിയ പൊതുജനാരോഗ്യ സംവിധാനവും പൊതു വിതരണ സമ്പ്രദായവും ജനക്ഷേമം ഉറപ്പുവരുത്താൻ സഹായിച്ചു. സാമൂഹ്യ ക്ഷേമ പെൻഷൻ നടപ്പിലാക്കിയതോടെ അത് കുറെകൂടി ശക്തിപ്പെട്ടു. 62 ലക്ഷം വയോജനങ്ങൾക്ക്

2000/- രൂപ വീതം ലഭിക്കുമ്പോൾ അത് കേരള ജനതയ്ക്ക് നൽകുന്ന ആത്മവിശ്വാസം ആധുനിക ലോകത്തിന് മാതൃകയാണ്. ഭവന രഹിതരില്ലാത്ത നാടാക്കി കേരളത്തിനെ മാറ്റാൻ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിയും, അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ നമ്മുടെ സർക്കാർ നടത്തുന്ന ശ്രമങ്ങളിലും, മാലിന്യ മുക്ത നവകേരളം കെട്ടിപടുക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്.

പുതിയ കാലത്തെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന പദ്ധതികൾ നമുക്കാവശ്യമാണ്. ഫെഡറൽ തത്വങ്ങളേയും മറ്റ് ഭരണഘടനാ മൂല്യങ്ങളെയും ദുർബ്ബലപ്പെടുത്തുന്ന ശ്രമങ്ങൾ ഉയർന്ന് വരുന്നത് അഭികാമ്യമല്ല. അധികാര വികേന്ദ്രീകരണവും ആസൂത്രണ സംവിധാനങ്ങളും ശക്തിപ്പെടുത്തി മുന്നോട്ട് പോകുന്ന കേരള മോഡൽ അത്യന്തം പ്രാധാന്യമർഹിക്കുന്നു.

ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും സുസ്ഥിരവും ആധുനികവുമായ ഒരു നവകേരള സൃഷ്ടിക്കായുള്ള സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ടാണ് നമ്മുടെ ബ്ലോക്ക് പഞ്ചായത്തും വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.

അനുദിനം മാറ്റങ്ങൾക്ക് വിധേയമാകുന്ന വർത്തമാനകാല സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ജനങ്ങളുടെ ജീവിത രീതിയും, അഭിരുചിയും, തൊഴിലും മാറികൊണ്ടിരിക്കുന്നതിനാൽ അതിന് വിധേയമായിക്കൊണ്ട് എല്ലാ വിഭാഗം ജനങ്ങളെയും ഒരുപോലെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടുവരുവാൻ നമുക്ക് സാധിക്കേണ്ടതാണ്.

കാർഷിക മേഖലയെ ഏറെ പ്രാധാന്യത്തോടെ നാം കാണുന്നുണ്ട്. സംസ്ഥാന സർക്കാറിനൊപ്പം ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും കൂട്ടായ പ്രവർത്തനം വഴി ഈ മേഖലയിൽ സമഗ്ര വികസനം ഏറെക്കുറെ എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. നല്ലയിനം വിത്തുകൾ നടീൽ വസ്തുക്കൾ എന്നിവ നൽകുന്നതിനുള്ള പദ്ധതികൾ കഴിഞ്ഞ കാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആയിട്ടുണ്ട്. പയർ ഗ്രാമം, തണ്ണീർ മത്തൻ കൃഷി പ്രോത്സാഹനം, മഞ്ഞൾ കൃഷി വ്യാപനം, പപ്പായ ഗ്രാമം തുടങ്ങിയ പദ്ധതികൾ അതിന് ഉദാഹരണങ്ങളാണ്. ഇതുവഴി ഒറ്റയ്ക്കും കൂട്ടായും ജനങ്ങളെ കൃഷിയിടങ്ങളിൽ സജീവമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. പച്ചക്കറി സ്വയം പര്യാപ്തതയിലേക്ക് എന്ന കാഴ്ചപ്പാടോടുകൂടി അടുക്കള തോട്ടങ്ങൾക്ക് പ്രാധാന്യം നൽകി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഹൈബ്രിഡ് പച്ചക്കറി വിത്തു വിതരണം ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കി. പാടശേഖര സമിതിക്ക് പവർ ടില്ലർ വാങ്ങി വിതരണം ചെയ്യൽ, ഇലക്ട്രിക് പമ്പ് സെറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ, അഴീക്കോട് കാർഷിക കർമ്മ സേനയ്ക്ക് യന്ത്രോപകരണങ്ങൾ വാങ്ങി നൽകൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ആരോഗ്യമേഖലയ്ക്ക് ഏറെ പ്രാധാന്യമാണ് കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് നൽകിവരുന്നത്. അഴീക്കോട് പാപ്പിനിശ്ശേരി സി. എച്ച്. സി. യുടെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങളുമായി ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ട് പോകുകയാണ്. പാലിയേറ്റീവ് പ്രവർത്തനം, സാംക്രമിക രോഗ നിയന്ത്രണം, ഗുരുതര രോഗികൾക്ക് ജീവൻ രക്ഷാ മരുന്ന് വിതരണം, സ്നേഹ ജ്യോതി കിഡ്നി

പേഷ്യന്റ് വെൽഫെയർ സൊസൈറ്റിക്ക് തുക കൈമാറൽ തുടങ്ങിയ ആരോഗ്യ പ്രവർത്തനങ്ങളും, സി. എച്ച്. സി. കെട്ടിട നവീകരണം ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കൽ പാപ്പിനിശ്ശേരി സി. എച്ച്. സി. യിൽ ഫ്രീസർ വാങ്ങൽ പാപ്പിനിശ്ശേരി സി. എച്ച്. സി. യിലേക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങളും വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പുറന്തള്ളപ്പെടുന്ന വയോജനങ്ങളെ ചേർത്തു പിടിക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അഴീക്കോട് വൃദ്ധസദനത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വലിയ മുൻഗണന ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുണ്ട്.

ആധുനിക സമൂഹം ഏറ്റവും വലിയ വെല്ലുവിളി നേരിടുന്ന മേഖലയാണ് ശുചിത്വവും മാലിന്യസംസ്കരണവും. ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയ്ക്ക് ഏറെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. . കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ മൈക്രോ പ്ലാസ്റ്റിക്കിനെതിരായ ബോധവൽക്കരണ പദ്ധതി വലിയ വാർത്ത പ്രാധാന്യം നേടിയിട്ടുണ്ട്. അതിദാരിദ്ര്യർ, അഗതികൾ എന്നിവർക്കായുള്ള പ്രത്യേക പദ്ധതികൾ, ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. വനിതകളുടെ ക്ഷേമത്തിന് മുൻഗണന നൽകികൊണ്ടുള്ള വിവിധ പദ്ധതികളാണ് കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത്. സ്ത്രീ സൗഹൃദ ജില്ല, കൂട്ടുകാരി, വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കഴിഞ്ഞ ഭരണസമിതി നടപ്പിലാക്കി വന്ന വികസന പദ്ധതികൾ ഏറ്റെടുത്ത് മുന്നോട്ടുപോകാൻ കഴിയുന്നു എന്ന ചാരിതാർത്ഥ്യത്തോടെ വരും സാമ്പത്തിക വർഷ വികസന കാഴ്ചപ്പാട് ഈ ബജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നു.

**2026-27** വാർഷിക ബജറ്റിന്റെ സുപ്രധാന നിർദ്ദേശങ്ങൾ താഴെ പറയും പ്രകാരം മുൻഗണനാ പട്ടികയായി പഞ്ചായത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

<u>കാർഷിക മേഖല</u>

കൃഷി മനുഷ്യ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. എന്നാൽ ഓരോ ദിവസം കഴിയുംതോറും കാർഷിക മേഖലയിൽ നിന്നും കൃഷിക്കാർ പിന്മാറുകയാണ്. മാറുന്ന കാലത്തിന്റെ ഗതിവേഗത്തെ പിന്തുടർന്ന് ആധുനിക സങ്കേതങ്ങൾ നമ്മുടെ കർഷകർക്കും ലഭ്യമാക്കുകയും കാർഷികോത്പന്നങ്ങൾക്ക് മികച്ച വിപണന സാഹചര്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയും ഭക്ഷ്യസ്വയം പര്യാപ്തതയിലേക്ക് ഒരു ചുവട് കൂടി മുന്നേറുന്നതിനുള്ള ആശയങ്ങൾ ഈ ബജറ്റ് മുന്നോട്ട് വയ്ക്കുന്നു.

- മലയാളികളുടെ പ്രധാന ഭക്ഷ്യവിളയാണ് നെല്ല്. ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പ് വരുത്താൻ നെൽകൃഷി വ്യാപനം അനിവാര്യമാണ്. നെൽകൃഷി വ്യാപിക്കുന്നതിന് കൂലി ചെലവ് സബ്സിഡി, ഗ്രാമപഞ്ചായത്തിന് സബ്സിഡി നൽകൽ പദ്ധതിക്ക് **2,80,000/-** രൂപ വകയിരുത്തുന്നു.

- പാടശേഖരങ്ങളിൽ നെൽകൃഷിയുടെ ഉത്പാദന വർദ്ധനവിനും കൂടുതൽ സ്ഥലങ്ങൾ നെൽകൃഷി യോഗ്യമാക്കുന്നതിനും, അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുന്നും പദ്ധതി വെയ്ക്കുന്നു.
- ആഘോഷ വേളകളിൽ പൂക്കൾ ഒഴിച്ചു കൂടാനാകാത്തതാണ്. അന്യസംസ്ഥാനങ്ങളിൽ നിന്ന് പൂക്കൾ എത്തിയാൽ മാത്രം നമുക്ക് ആഘോഷം എന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താവാൻ പുഷ്പകൃഷി വ്യാപനത്തിന് **40,000/-** രൂപ വകയിരുത്തുന്നു. തരിശു നിലങ്ങളിൽ കൃഷിയോഗ്യമാക്കി നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ബജറ്റ് മുൻഗണന നൽകുന്നു.
- പച്ചക്കറിക്ക് എന്നും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നവരാണ് നമ്മൾ. പച്ചക്കറി വ്യാപകമായി കൃഷി ചെയ്യുന്നതിനും അതുവഴി ഈ മേഘലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പച്ചക്കറി വിത്ത് വിതരണത്തിന് **10,00,000/-** രൂപ വകയിരുത്തുന്നു.
- മഞ്ഞൾ കൃഷിയും ഇഞ്ചികൃഷിയും വ്യാപിപ്പിക്കുന്നതിന് **1,20,000/-** രൂപ വകയിരുത്തുന്നു.
- ചെറു ധാന്യ കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ വർഷം തുടങ്ങിയ പദ്ധതിയുടെ തുടർച്ചയായി പയർ ഗ്രാമം പദ്ധതിക്ക് **2,56,000/-** രൂപ വകയിരുത്തുന്നു.
- കൃഷിയിടങ്ങളിൽ ഏറെ ഭീഷണിയാണ് ആഫ്രിക്കൻ ഒച്ചുകൾ. വളരെ വേഗത്തിൽ വംശ വർദ്ധനവ് നടത്തുന്ന ആഫ്രിക്കൻ ഒച്ചുകളെ നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. ആഫ്രിക്കൻ ഒച്ച് നിയന്ത്രണം എന്ന സംയുക്ത പ്രൊജക്ടിന് **2,00,000/-** രൂപ വകയിരുത്തുന്നു.
- തണ്ണീർ മത്തൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് **2** ലക്ഷം രൂപ വകയിരുത്തുന്നു.
- കൂൺ ഗ്രാമം പദ്ധതിക്ക് **6,00,000/-** രൂപ വകയിരുത്തുന്നു.
- ഗ്രാമീണ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ മൃഗസംരക്ഷണത്തിന് വലിയ പ്രാധാന്യം ഉണ്ട്. സ്വാഭാവികമായ തീറ്റയുടെ ലഭ്യതക്കുറവ്, വിപണിയിൽ നിന്ന് വാങ്ങുന്ന കാലിത്തീറ്റകളുടെ അടിക്കടിയുള്ള വില വർദ്ധനവ് തുടങ്ങിയവ ക്ഷീരകർഷകരെ പിറകോട്ടടിപ്പിക്കുകയാണ്. ഉത്പാദന ചിലവിനനുസരിച്ച് വരുമാനം ലഭിക്കുന്നില്ല എന്നതാണ് ഈ മേഖലയിലെ പ്രശ്നം. ഇതിനാശ്വാസം നൽകുക എന്ന ഉദ്ദേശത്തോടുകൂടി പാലിന് അധിക വില നൽകൽ എന്ന പദ്ധതിക്ക് **5,00,000/-** രൂപ വകയിരുത്തുന്നു.
- കറവ പശുക്കൾക്ക് ക്ഷീര സംഘം മുഖേന കാലിത്തീറ്റ വിതരണം എന്ന പദ്ധതിക്ക് **10,00,000/-** രൂപ വകയിരുത്തുന്നു.

- “മധുരം നൽകും ഫലവൃക്ഷങ്ങൾ” ഫല സമൃദ്ധമാണ് നമ്മുടെ കേരളം. പരമ്പരാഗതമായ മാമ്പഴം, ചക്കപ്പഴം, പേര, പപ്പായ, കൈതച്ചക്ക, സപ്പോട്ട, വാഴപ്പഴം തുടങ്ങിയ പഴവർഗ്ഗങ്ങൾ നൽകിയ പ്രശസ്തിയാണ് കേരളത്തെ ഭാരതത്തിന്റെ പഴക്കൂട എന്ന് വിശേഷിപ്പിക്കുന്നത്. പൊതു സ്ഥലങ്ങളിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് 2,00,000/- രൂപ വകയിരുത്തുന്നു.

<u>സേവനമേഖല</u>

- സമീപകാലത്ത് ആരോഗ്യമേഖലയിൽ കേരളം വമ്പിച്ച കുതിച്ച് ചാട്ടമാണ് നടത്തിയത്. ഹൈടെക് ആശുപത്രികളുടെ വെല്ലുന്ന സൌകര്യങ്ങളാണ് ഇന്ന് സർക്കാർ ആശുപത്രികളിലുള്ളത്. കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള അഴീക്കോട്, പാപ്പിനിശ്ശേരി സി. എച്ച്. സികളുടെ വികസനത്തിന് ഈ ബജറ്റ് മുന്തിയ പരിഗണന നൽകുന്നു.
- ആശുപത്രികൾക്കാവശ്യമായ മരുന്ന് വാങ്ങുന്നതിന് 21,00,000/- ലക്ഷം രൂപ വകയിരുത്തുന്നു.
- പാപ്പിനിശ്ശേരി സി. എച്ച്. സിയിൽ നിയമിച്ച താൽക്കാലിക ഡോക്ടർമാരുടെയും ഫാർമസിസ്റ്റിന്റെയും വേതനം നൽകുന്നതിനായി 8,50,000/- രൂപ വകയിരുത്തുന്നു.
- അഴീക്കോട് സി. എച്ച്. സിയിൽ ബ്ലോക്ക് പഞ്ചായത്ത് നിയമിച്ച ജീവനക്കാർക്ക് വേതനം നൽകുന്നതിന് 11,50,000/- രൂപ വകയിരുത്തുന്നു.
- സി. എച്ച്. സിയിലേക്കാവശ്യമായ ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നു.
- സി. എച്ച്.സികളുടെ ദൈനം ദിന ചെലവുകൾക്ക് 6,50,000/- രൂപ വകയിരുത്തുന്നു.
- ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചാർജ്ജ് ഇനത്തിൽ 72,000/- രൂപവകയിരുത്തുന്നു.
- തെരുവ് നായകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് നടപ്പാക്കിവരുന്ന ABC പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1,00,000/- രൂപ വകിയിരുത്തുന്നു.
- സമൂഹത്തിൽ നിലനിൽക്കുന്ന ദാരിദ്ര്യം തുടച്ചു നീക്കാൻ സമഗ്രവും ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ പദ്ധതിക്ക് 1,00,000/- രൂപ വകയിരുത്തുന്നു.
- കയറിക്കിടക്കാനൊരു വീട് എല്ലാ മനുഷ്യരുടെയും ഏറ്റവും വലിയ സ്വപ്നമാണ്. കേരളത്തിലെ എല്ലാ ഭവന രഹിതർക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതി

പാവപ്പെട്ട ജനങ്ങളുടെ സ്വപ്നമാണ് യാഥാർത്ഥ്യമാകുന്നത്. ലൈഫ് ഭവന പദ്ധതിക്കും PMAY പദ്ധതിക്കും കൂടി 63,76,000/- രൂപ വകയിരുത്തുന്നു.

- സ്കൂളുകളിലും കോളേജ് കാമ്പസ്സുകളിലും മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നു. ഇന്നത്തെ യുവ തലമുറയെ വഴിതെറ്റിക്കുന്ന വളരെ അപകടകരമായ ഈ ദുശ്ശീലം ഒരു ആഗോള ഭീക്ഷണി കൂടിയാണ്. ശക്തമായ നിയമ നടപടികളിലൂടെയും തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും മാത്രമേ ഈ വിപത്തിനെ നേരിടാനാവൂ. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ ബോധവൽക്കരണ ക്യാമ്പയിൻ ലഹരിയല്ല ജീവിതം, ജീവിതമാണ് ലഹരി തുടർ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കും 1 ലക്ഷം രൂപ വകയിരുത്തുന്നു.
- സാമൂഹ്യ സാക്ഷരത പഠിതാക്കൾക്കുള്ള കോഴ്സ് ഫീസിനത്തിൽ 50,000/- രൂപയും ഡിപ്ലോമ കോഴ്സ് ഫീസിനത്തിൽ 50,000/- രൂപയും വകയിരുത്തുന്നു.
- വജ്രജൂബിലി ഫെല്ലോഷിപ്പ് നേടിയ കലാകാരന്മാർക്കുള്ള അധിക വിഹിതം പദ്ധതിക്ക് 2,70,000/- രൂപ വകയിരുത്തുന്നു.
- സ്നേഹത്തിന്റെയും കരുതലിന്റെയും പനനീരുറവ മലയാളത്തിന്റെ മനസ്സിൽ വറ്റിയിട്ടില്ലെന്ന വിളംബരം ചെയ്യുന്നതാണ് കേരളത്തിലുടനീളം നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനം. സർക്കാരും നിരവധി സന്നദ്ധ സംഘടനകളും ഈ രംഗത്ത് സജീവമായി ഇടപെടുന്നുണ്ട്. പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 17 ലക്ഷം രൂപ വകയിരുത്തുന്നു.
- സമൂഹത്തിൽ ഏറ്റവും അധികം കൈത്താങ്ങ് വേണ്ട വിഭാഗമാണ് ഭിന്നശേഷിക്കാർ. സ്വന്തം ജീവിതം കരുപ്പിടിപ്പിക്കുന്നതിനായുള്ള അതിജീവന പാതയിൽ മുന്നേറുന്ന അവരെ സഹായിക്കുന്നതിന് മുച്ചക്രവാഹനം വാങ്ങുന്നതിനായി 8,00,000/- രൂപയുമ ഇലക്ട്രിക്ക് വീൽചെയർ വാങ്ങുന്നതിന് 8,00,000/- രൂപയും വകയിരുത്തുന്നു.
- ഭിന്നശേഷി കലോത്സവം സംഘടിപ്പിക്കുന്നതിന് 77,800/- രൂപ വകയിരുത്തുന്നു.
- ഭിന്നശേഷി സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകുന്നതിന് 27 ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കുള്ള പാർപ്പിടം പദ്ധതിക്ക് 16,10,400/- രൂപ വകയിരുത്തുന്നു.
- പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2 ലക്ഷം രൂപ വകയിരുത്തുന്നു.

- പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് മിശ്രവിവാഹ ധനസഹായം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി **6** ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിക്ക് **18** ലക്ഷം രൂപ വകിയിരുത്തുന്നു.
- പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ പദ്ധതിക്ക് **8** ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികജാതി ഉന്നതികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് **9** ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.
- പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹാളിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി **20** ലക്ഷം രൂപ വകയിരുത്തുന്നു.
- ജീവിത സായാഹ്നങ്ങളിൽ വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി സംരക്ഷണത്തിനുമായി സർക്കാർ **1996** ൽ ആരംഭിച്ച അഴീക്കോട് വൃദ്ധമന്ദിരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനമാണ്. വൃദ്ധമന്ദിരത്തിന്റെ അടിസ്ഥാന സൌകര്യ വികസനത്തിനും നടത്തിപ്പിനുമായി മുന്തിയ പരിഗണന ഈ ബജറ്റ് നൽകുന്നു.
- വിജ്ഞാന കേരളം പദ്ധതിക്ക് **5,00,000/-** രൂപ വകയിരുത്തുന്നു.
- വനിതകളുടെ സാമൂഹിക പുരോഗതിക്ക് അവർ സാമൂഹികമായും സാമ്പത്തികമായും സുരക്ഷിതരായിരിക്കുക എന്നത് അതിപ്രധാനമാണ്. വനിതകൾക്കുള്ള സ്വയം തൊഴിൽ സംരംഭത്തിനായി **26,50,000/-** രൂപ വകയിരുത്തുന്നു.
- വനിതകൾക്ക് വീഡിയോ ഗ്രാഫി എഡിറ്റിംഗ് പരിശീലനത്തിന് **1,00,000/-** രൂപ വകയിരുത്തുന്നു.
- വനിതകൾക്കുള്ള സ്വയം തൊഴിൽ പരിശീലനത്തിനായി **1,00,000/-** രൂപ വകയിരുത്തുന്നു.

<u>പശ്ചാത്തലമേഖല</u>

- ബ്ലോക്ക് പഞ്ചായത്തിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ആസ്തി സംരക്ഷണത്തിനും വികസനത്തിനും വേണ്ടിയുള്ള പദ്ധതികൾക്കും, വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറുന്നതിനായി വിവിധ സ്ഥലങ്ങളിൽ ചിറകെട്ടുന്നതിനുള്ള പദ്ധതികൾക്കും മറ്റുമായി പശ്ചാത്തല മേഖലയിൽ **2** കോടി രൂപ വകയിരുത്തുന്നു.

# ഉപസംഹാരം

ബഹുമാന്യരെ,

2026 - 27 വർഷത്തേക്ക് കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിനായി പ്രതീക്ഷിക്കുന്ന വിവിധ മേഖലകളിൽ നിന്നുള്ള നികുതി നികുതിയേതര വരുമാനങ്ങളുടെ സർക്കാർ ഗ്രാന്റ്, ഗ്രാന്റ് ഇൻ എയ്ഡ് തുകയും പരിഗണിച്ചുകൊണ്ടാണ് ഇവിടെ പുതിയ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്. വിജ്ഞാന സമ്പദ്ഘടനയ്ക്കും പശ്ചാത്തല മേഖലയ്ക്കും ഊന്നൽ നൽകിക്കൊണ്ട് അഭൂതപൂർവ്വമായ വികസനത്തിനും സമ്പദ്ഘടനയുടെ വേഗത്തിലുള്ള നവീകരണത്തിനും വഴിയൊരുക്കി കൊണ്ട് കേരള സമൂഹത്തെ വികസിപ്പിക്കുന്നതിന് വ്യക്തമായ ലക്ഷ്യബോധത്തോടെ കേരളസർക്കാർ മുന്നോട്ടുപോകുമ്പോൾ സർക്കാരിനൊപ്പം ബ്ലോക്ക് പഞ്ചായത്തും കൈകോർക്കുന്നു.

ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ തൊഴിലിനും വരുമാനത്തിനും ഉന്നത വിദ്യാഭ്യാസത്തിനും നാം പുറം നാടുകളെ ആശ്രയിക്കുന്നു. ആവശ്യമായ ഉപഭോക്തൃ സാധനങ്ങളുടെ സിംഹഭാഗവും പുറത്തുനിന്നു വരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരത്തക്ക രീതിയിൽ കാർഷികമേഖലയിലും, ഐ.ടി, ടൂറിസം, തൊഴിൽ വൈദഗ്ധ്യ മേഖലകളിലും ചടുലമായ ഇടപെടലുകൾ നടത്തിക്കൊണ്ട് കേരളം വികസന കുതിപ്പിന്റെ പുതിയ പടവുകൾ കയറുകയാണ്. സംസ്ഥാന സർക്കാർ ബജറ്റിൽ മുന്നോട്ടുവെച്ച മേഖലകളിലെല്ലാം നമ്മുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ശ്രദ്ധയൂന്നാൻ ശ്രമിച്ചിട്ടുണ്ട്. അതിജീവനത്തിന്റെ പാതയിലൂടെ സാമൂഹികമായും സാമ്പത്തികമായും മുന്നേറാനുള്ള ചെറുവെട്ടമായി ഈ ബജറ്റ് മാറുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ബജറ്റ് അവതരണത്തിന് സഹകരിച്ച എല്ലാവരോടും നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ടും ഈ ഭരണസമിതിയുടെ 2026 - 27 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എ. റീന,
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ